Urgent

കാലിക്കറ്റ് സർവകലാശാല
**AD.-A**

നമ്പർ. 97248/AD-A-ASST-1/2018/Admn

കാലിക്കറ്റ് സർവകലാശാല .പി.ഓ
തീയതി: 28.01.2021

പ്രേഷകൻ

രജിസ്ട്രാർ

സ്വീകർത്താവ്

രജിസ്ട്രാർ,

കേരള സർവകലാശാല,

പാളയം,,

തിരുവനന്തപുരം - 695034.

സർ,

വിഷയം:- നിയമന പരിശോധന - ഉദ്യോഗസ്ഥർ ഹാജരാകുന്നത് - സംബന്ധിച്ച്.

സൂചന:- കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നുള്ള 11.01.2021 തീയതിയിലെ AA&VW 1-4/5/2020/KPSC നമ്പർ കത്ത്.

കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന കാലിക്കറ്റ് സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും , അന്തർ സർവകലാശാലാ സ്ഥലംമാറ്റം വഴി കേരള സർവകലാശാലയിലേക്ക് മാറ്റം ലഭിക്കുകയും ചെയ്തിട്ടുള്ള താഴെ പറയുന്ന ഉദ്യോഗസ്ഥരുടെ നിയമന പരിശോധനയ്ക്കുള്ള സമയക്രമം മേൽ സൂചന കത്ത് പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

| Sl.No | Name | Designation | Date of Birth | Date | Time |
|---|---|---|---|---|---|
| 1 | Athira K. V. S. | Assistant | 13-05-1989 | 03-02-2021 | 10:00 AM |
| 2 | Shilpa Babu | Assistant | 26-10-1985 | 03-02-2021 | 10:00 AM |
| 3 | Mithun Mohan M. | Assistant | 27-05-1985 | 03-02-2021 | 10:00 AM |
| 4 | Asha B. K. | Assistant | 30-05-1985 | 03-02-2021 | 10:00 AM |
| 5 | Shiji E. R. | Assistant | 10-05-1987 | 03-02-2021 | 10:00 AM |
| 6 | Reshmi G. J. | Assistant | 31-08-1985 | 03-02-2021 | 10:00 AM |
| 7 | Nayana Vamadevan | Assistant | 19-05-1986 | 03-02-2021 | 10:00 AM |
| 8 | Dhanya G. Nair | Assistant | 01-05-1986 | 03-02-2021 | 10:00 AM |

പ്രസ്തുത ഉദ്യോഗസ്ഥർക്ക് അവർക്ക് നിയമന പരിശോധനയ്ക്കായി നിശ്ചയിച്ചിട്ടുള്ള സമയത്ത് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ തിരുവനന്തപുരം പട്ടത്തുള്ള ആസ്ഥാന ഓഫീസിൽ ഹാജരാകുന്നതിനുള്ള നിർദ്ദേശം

നൽകുവാൻ താല്പര്യപ്പെടുന്നു.

വെരിഫിക്കേഷൻ സമയത്ത് നിയമശിപാർശാ കത്തിലെ മേൽവിലാസം തെളിയിക്കുന്നതിനുള്ള തിരിച്ചറിയൽ രേഖകളിൽ ഒന്നും, ജോലിചെയ്യുന്ന സ്ഥാപനത്തിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള പക്ഷം ആയതും കൂടി നിർബന്ധമായും ഹാജരാക്കണമെന്ന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്. നിയമന ശിപാർശാ കത്തിലെ മേൽ വിലാസവും തിരിച്ചറിയൽ രേഖയിലെ മേൽ വിലാസവും വ്യത്യസ്തമാണെങ്കിൽ ടി മേൽവിലാസത്തിലെ വ്യക്തി ഒരാൾ തന്നെയെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഓഫീസർ/വില്ലേജ് ഓഫീസർ) നൽകിയത് ഹാജരാക്കണമെന്ന നിർദ്ദേശം കൂടി നൽകേണ്ടതാണ്. കൂടാതെ വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് മുഖാന്തിരം നിയമന പരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റ് ഫീസിനത്തിൽ 210/- രൂപ അതത് ഉദ്യോഗസ്ഥരുടെ വൺടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ സർവീസ് വെരിഫിക്കേഷൻ ലിങ്ക് സന്ദർശിച്ച ശേഷം e-payment സംവിധാനത്തിലൂടെ മാത്രം അടവാക്കേണ്ടതാണ്. കൂടാതെ നിയമന പരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ കോവിഡ്-19 നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

മേൽ സൂചന പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നുള്ള കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.

ADMINISTRATION BRANCH
29 JAN 2021
UNIVERSITY OF CALICUT

വിശ്വസ്തതയോടെ

Jyothi Kumar C
ഡെപ്യൂട്ടി രജിസ്ട്രാർ
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

കരുതൽ ഫയൽ